

# DEW DROP

LITTLE KITES DIGITAL MAGAZINE


**" Let your life lightly dance on the edges of time like dew on the tip of a leaf "**

**- Rabindranath Tagore**

St.Sebastians HSS Velimanam

**LK Batch 22-25**

# ആശംസകൾ



വെളിമാനം സെന്റ് സെബാസ്റ്റ്യൻസ് ഹൈസ്കൂളിൽ നിന്ന് ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ ഒരു ഡിജിറ്റൽ മാഗസ്സിൻ തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷം രേഖപ്പെടുത്തുന്നു. കുട്ടികളിലെ സർഗാസർഗാത്മക കഴിവുകളെയും നൂതന സാങ്കേതികവിദ്യയും കോർത്തിണക്കി തയ്യാറാക്കുന്ന ഈ മാഗസിൻ എല്ലാവർക്കും പ്രചോദനവും ഉപകാരപ്രദവുമായി മാറട്ടെ.

ഹെഡ് മാസ്റ്റർ

ജോഷി ജോൺ

# ആശംസകൾ



വിവര വിനിമയ സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ പഠനം സാർവത്രികമായ ഇക്കാലഘട്ടത്തിൽ കമ്പ്യൂട്ടർ പഠനത്തിൻ്റെ അനന്ത സാധത്യകൾ പ്രയോജനപ്പെടുത്തി മുന്നേറുന്ന ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ ഈ വലിയ സംരംഭത്തിന് എൻ്റെ എല്ലാ വിധ ആശംസകളും

SITC

Jisha mathew



ആധുനിക വിദ്യാഭ്യാസമേഖലയിൽ വിവരസാങ്കേതികവിദ്യക്ക് അതീവ പ്രാധാന്യമുണ്ട്. ഐ ടി സാധ്യതകളെകുറിച്ച് സ്കൂൾ കാലഘട്ടം മുതൽ പരിജ്ഞാനമുള്ളവരാകുന്നതുകൊണ്ട് കുട്ടികളുടെ ഉന്നതവിദ്യാഭ്യാസരംഗത്തും തൊഴിൽ മേഖലകളിലും അതേറെ സഹായിക്കുകയും വിവരസാങ്കേതികവിദ്യയുടെ വിശാലലോകത്തേക്കുള്ള വഴിതുറക്കുകയും ചെയ്യുന്നു. മുൻവർഷങ്ങളിലേതുപോലെതന്നെ പഠനരംഗത്തും ഐ ടി മേഖലയിലും ഒത്തിരി താല്പര്യമുള്ളവരും മികവ് പുലർത്തുന്നവരുമായ 30 കുട്ടികളാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിലുള്ളത്.

സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളിൽ ഐ ടി സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കാലോത്സവം പോലെയുള്ള മേളകൾ കൂടുതൽ ആകർഷകമാക്കുന്നതിനും ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നേതൃത്വം വഹിക്കുന്നത് അഭിനന്ദനാർഹമാണ്. ഈ അധ്യയന വർഷത്തിന്റെ അവസാനഘട്ടത്തിൽ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ പുറത്തിറക്കുന്ന മാഗസിനും ഇതിന്റെ പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച എല്ലാ കുട്ടികൾക്കും എല്ലാവിധ വിജയാശംസകളും നേർന്നുകൊള്ളുന്നു...

ലിറ്റിൽ കൈറ്റ്സ് മിസ്സ്ട്രസ്സ്
ലിസ ജേയിംസ്

# Editorial Board

## LITTLE KITES MISTRESSES



Neenu P Sunny



Lisa James

## LITTLE KITES



Jess Mariea



Ann Maria



Arunima Biju



Anamika B S



Aryanandha



Mereetta Mathew



Joseph Shaji



Jochristo Saji



Navaneeth P Dinesh

# LITTLE KITES MEMBERS

## 2021-2024

ALAN E T
ANUSREE BINU
FATHIMATH NAHELA M
SOORAJ N S
RIZWANA D N
ALAKANANDA N
JOYEL JOHN
UMMU SALMA T K
EDRIN SEBASTIAN
JISS K G
MUHAMMAD SWALIH C K
ANILA SAJI
MUHAMMED ANSIL P A
MUFEEDHA N
SHIBIN THOMAS
ALAN GEORGE
JERALD JIMMY THOMAS
ALAN JOSEPH
AFNAS USMAN
ALEXANDER EMMANUEL
ALAN ROCKY
TOM JOSEPH
ALEN BINU
ALEESHA MARIYAM BENNY
JEEVA JILS
JOLTIN A L
DERIC SAVIO
CHRISTY KURIAN
AISWARYA SEBASTIAN
ANGEL C BIJU
AFNA P A
CHRISTY ANIL

## 2022-25

ANN MARIA JOSE
FIDHA FATHIMA P
MEREETTA MATHEW
SREENANDHA P M
ARUNIMA BIJU
KRISHNAJITH
CHRISTEENA BABY
NAJA FATHIMA P K
ANAMIKA B S
ADITHYA RANJITH
ANANNIYA M
NIYAMOL RAJAN
SURYA SURAN
AJNAS K
SANGEERTH K S
RISA FATHIMA P
ABHINADH T K
HAFSATH P
JESS MARIEA VAYALUNKAL
ASHLY JOSEPH
ARCHANA JHOMI
NAVANEETH P DHANESH
NIVED BAIJU
AUGUSTINE JAMES
JOSEPH SHAJI
RANJANA C
JOCHRISTO SAJI
ARYANANDA A R
EBIN FRANCIS BIJU
SHARANYA C N

## 2023-2026

JEFIN JOSEPH
IRIN MARIYA TOMY
JOSBIN JIJO
AADHIDEV
CYRIL SOLAMAN JOSEPH
ALPHIN K
BASIL JOSEPH
MUHAMMED JALAL M
FATHIMATHUL JUMANA
JAIWEL GEORGE ANTO
ANANYA TOMY
ROSNA MARIYA K T
FATHIMATHU NAJIYA M
TANIYA
FATHIMA HUSNA P K
RASLA P
DILNA SCARIA
EVIN SYRIAC
ANAMIKA E K
K K RIFANA
DEVANANDA T
ELSEENA GEORGE
AISWARIA THERES
ANUNAND P B
FATHIMATH SHAHMA P
SAYYED RASIK
DAMEIAN JOSEPH
AHAMMAD NAJAD C P
MUHAMMED IRFAN K Y
VAIGA VINOD
ADNAN SALIH
KHADEEJA BEEVI P P
SHAMIL NISHAD

# അകം

അനുദിനം മാറിക്കൊണ്ടിരിക്കുന്നതും പുരോഗമിച്ചുകൊണ്ടിരിക്കുന്നതുമായ വിദ്യാഭ്യാസരംഗത്ത് ഐ ടി സാധ്യതകളുടെ പങ്ക് ചെറുതല്ല. നമ്മുടെ സ്കൂളുപോലെ സമ്പൂർണ്ണ ഹൈടെക് ക്ലാസ്സ് മുറികളുള്ള സ്കൂളുകളിൽ പഠിക്കാൻ കഴിയുന്നതും ഒരു ഭാഗ്യമാണ്. കാരണം , പഠനത്തോടൊപ്പംതന്നെ വിവരസാങ്കേതികവിദ്യയുടെ സാധ്യതകളെ പരിചയപ്പെടുന്നതിനും പഠനപുരോഗതിക്ക് അവ ഉപയോഗിക്കാൻ കഴിയുമെന്നതും ഒരു വലിയ നേട്ടമാണ്. സിലബസിൽ ഒതുങ്ങുന്ന പുസ്തകതാളുകളിലെ അറിവിന്റെ ലോകത്തിനപ്പുറത്തേക്കുള്ള വിജ്ഞാന വൈവിധ്യങ്ങളുടെ അനന്തവിഹായസിലേക്ക് വിവരസാങ്കേതികവിദ്യ നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു. അതിന്റെ ആദ്യപടിയെന്ന വിധത്തിലാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ നമ്മെ സഹായിക്കുന്നത്. പഠന പ്രവർത്തനങ്ങളെ കൂടുതൽ ക്രിയാത്മകമാക്കുന്നതിന് നമ്മുടെ കലാവൈഭവങ്ങളും സാങ്കേതിക പരിജ്ഞാനവും ഒരുപാട് സഹായിക്കുമെന്നതിൽ തർക്കമില്ല. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപപ്പെടുത്തിയ DEW DROPS ന്റെ താളുകളിലൂടെയുള്ള യാത്ര ഏവർക്കും ആസ്വാദ്യകരമാകുമെന്ന പ്രതീക്ഷയോടെ

സ്നേഹപൂർവ്വം...

# THROUGH THE MAGAZINE


- ജീവാമൃതം
- മഴ
- എന്റെ കേരളം
- QUIZ
- ജീവിതം
- തണുപ്പ്
- പൂക്കൾ
- ഒട്ടകവും വ്യാപാരിയും
- കണ്ണുനീരിന്റെ വില
- എൻ്റെ Aurdino പരിശീലനം
- മൊബൈൽ ഫോൺ
- THE PROUD ROSE
- QUOTATIONS
- LOVE AND TIME
- AURDINO പ്രവർത്തനങ്ങളിലൂടെ
- WHISPERS OF THE RAIN
- CAMP PARTICIPANTS
- FREEDOM FEST
- COMPUTER QUIZ
- ആസ്വാദനക്കുറിപ്പ് - പ്രകാശിനി
- അവധിക്കാല യാത്ര
- അമ്മ
- ഞാൻ കണ്ട ഊട്ടി
- അനുഭവക്കുറിപ്പ്

# ജീവാമൃതം

ജീവാമൃതമായി പെയ്തിറങ്ങും മഴ
ജീവനുണർവേകും മഴ
എന്നുമെൻ സങ്കടക്കരിമുകിലിനെ
പെയ്തൊഴിക്കുമെൻ മഴ

രോഗം വിലക്കിയ വിലക്കുകൾക്കിടയിലും
കൺവെട്ടിച്ചു ഞാൻ
പുറത്തിറങ്ങിയപ്പോൾ
അമ്മ തൻ ശകാരവർഷവുമണ്ണോടലിയിച്ച
മഴ
ദുഃഖ സാഗരം പേറി നടന്നപ്പോൾ
ഓടിയെത്തി എൻ കൺ നീരിനെ
തന്നോടലിയിച്ചതും മഴ
അമ്മയെപ്പോലെന്നെ തഴുകി
ആശ്വസിപ്പിക്കും മഴ
എന്നുമെന്നും തണലായ് ആശ്വാസമായ്
നിലകൊള്ളും മഴ
മഴ എനിക്ക് ജീവാമൃതം

ആൻമരിയ
ജോസ്



# മഴ

മഴയൊരു വികാരമാണ്.
മനസ് തന്നെ മഴയായി മാറുന്നു.
കാർമേഘത്തിന്റെ കരച്ചിലാണ് മഴ.
മഴ വരുമ്പോൾ തന്നെ മലകളും,പുഴകളും
മഴയെ ആസ്വദിക്കുന്നു.
മഴ പെയ്യുമ്പോൾ എനിക്കായി പെയ്യുന്നത്
പോലെ തോന്നുന്നു.
മഴ എനിക്ക് ഒരുപാട് പഴയകാല
ഓർമ്മകൾ തരുന്നു.
മഴ നനഞ്ഞു പള്ളിക്കൂടത്തിൽ പോകുന്നതും
ഞാൻ ഓർക്കുന്നു. മഴയൊരു
അനന്ദമാണ് .



അനന്യ
എം

# എന്റെ കേരളം

എന്റെ കേരളം
വെള്ളിക്കരയിട്ട  മരതക പട്ടുചുറ്റി
മണ്ണിൻ മകുടമായി വിളങ്ങും
ലാവണ്യവതി
മനശ്ശാന്തിതരും മമ ജൻമ നാടേ
മനോഹരി

കളകളമൊഴുകി സ്നിഗ്ദ
മടിത്തട്ടു
കാണുമാറഴകാർന്നരുവികളുമതിരിൽ
മേഘ മേലാപ്പുതൊട്ടുമുത്തുംഗ മേരുകളും

പച്ചപ്പട്ടുപാവാടയിൽ മിന്നും
വെള്ളിനൂലിഴപോലസംഖ്യം
ശീതളമാമലഞൊറിയിളകും
കോമളനദികളുമീറൻ തടങ്ങളും

മഞ്ഞുപൊഴിയും വസന്തത്തിൽ
വിരിയുമായിരം പൂവാടികൾ
കുളിർത്തെന്നലായാഞ്ഞുവീശും
ഉഷ്ണകാലത്തും നീല ജലാശയങ്ങൾ

ഇളം കാറ്റിൽ പാറു മംഗന
തൻ ചേലപോലലംകൃതം ചേലൊത്ത
നീലവർണ്ണമനോഹര തിര
ഞൊറിയും സാഗരം നീളെ...

മണ്ണിൻ മാദക ഗന്ധം നുകരും
മക്കൾക്കാശ്രയമരുളും
മമനാടേ മനോഹരി.. മനസ്സിൽ
നിൻമുക്തസൗന്ദര്യം.. മുകരുന്നു ഞാൻ






Fidha Fathima

# QUIZ

## വിഷയം : കമ്പ്യൂട്ടർ



1 കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത്?

ചാൾസ് ബാബേജ്

2 ആദ്യത്തെ കമ്പ്യൂട്ടർ പ്രോഗ്രാമർ?

അഡാകിങ്

3 കമ്പ്യൂട്ടറിലെ ഡാറ്റാ നൽകുന്ന പ്രക്രിയ ഏത്

ഇൻപുട്ട്

4 കമ്പ്യൂട്ടറിൽ എത്ര തരം മെമ്മറി ഉണ്ട്?

രണ്ട് തരം

5 കമ്പ്യൂട്ടറിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന സോഫ്റ്റ് വെയർ?

സിസ്റ്റംസോഫ്റ്റ് വെയർ

6 മൗസ് കണ്ടുപിടിച്ചതാര് ആര്?

ഡഗ്ലസ് എൻ ഗൽബാർട്ട്

7 കമ്പ്യൂട്ടറിന്റെ തലച്ചോറ് എന്നറിയപ്പെടുന്ന ഭാഗം?

സി. പി. യു



8 ഇന്റർനെറ്റിന്റെ പിതാവ് എന്നറിയപ്പെടുന്നത്?

വിന്റർ സെർഫ്

9 ലോക കമ്പ്യൂട്ടർ സാക്ഷരദിനം എന്ന്?

ഡിസംബർ 2

10 ഇന്ത്യയിലെ ആദ്യത്തെ സൂപ്പർ കമ്പ്യൂട്ടർ?

പരം 8000

11 ലോകത്തിലെ ഏറ്റവും വലിയ സ്വതന്ത്ര വിജ്ഞാനകോശം?

വിക്കിപീഡിയ

12 ഇന്റർനെറ്റ് സുരക്ഷാദിനം എന്ന്?

ഫെബ്രുവരി 6



Anamika B.S

## ജീവിതം

ജീവനുള്ള ജീവിയെ പോലെ ജീവിച്ച്
ജീവിതം തീർക്കുന്നു നാമെല്ലാം...
എന്തിനെന്നോ ഏതിനെന്നോ
അറിയാതെ ജീവിക്കുന്നു ജന്തുക്കള യ
നാമെല്ലാം...
ജീവിതം കയറിയാലും കയറിയാലും
തീരാൻ കഴിയത്ത പടികൾ
പോലെയാണല്ലോ എങ്കിൽ ആ പടി
നമ്മളും കയറികൊണ്ടിരിക്കുന്നു
ഓരോ വർഷം കൂടും ബോഴും ഒരു പടി
മുന്നിൽ എത്ത്ന്നു നാമ്മല്ലാം അതാണ്
നമ്മുടെ വയസ്സ്
എങ്കിൽ കയറി കയറി ഒരു നാൾ അത്
നിലയ്ക്കുകയാൻ അതാണ് നമ്മുടെ മരണം
ജീവിതത്തിൽ സങ്കടം ഉണ്ടാവും
സന്തോഷം ഉണ്ടാവും ഇതെല്ലാം
നിറഞ്ഞതായിരിക്കണം ജിവിതം എങ്കിൽ
മാത്രമേ ജീവിതം ജീവിതം
മാകുകയുള്ളു......

അർച്ചന ജോമി



# തണുപ്പ്

നീ എന്നെ തോൽപ്പിച്ചത് പോലെ
എനിക്ക് തോൽപ്പിക്കാൻ കഴിയുമോ ?
എന്നെ ഈ വേദനകളെ എന്നിൽ
നിന്ന് അകറ്റാൻ കഴിയുമോ?
ഒരു പൂവ് വാടുന്നതു പോലെ എന്നെ
തളർത്താൻ നിനക്ക് കഴിഞ്ഞില്ലേ !
ഈ മഴയുടെ തണുപ്പിൽ ഞാൻ വിങ്ങുമ്പോൾ
എന്നെ നിനക്ക് മോചിപ്പിക്കാൻ കഴിയുമോ?
നീ എനിക്ക് തന്ന ഓർമ്മകളിൽ നിന്നും
എന്നെ മുക്തമാക്കുമോ?

– ആഷ്ലി ജോസ്ഫ്



# പൂക്കൾ

-----------------

പൂക്കൾ വിരിയുമ്പോൾ തന്നെ
എനിക്ക് ആനന്ദമാണ്
കൂടാതെ സന്തോഷമാണ്
പൂക്കളുടെ സുഗന്ധത്തിൽ തന്നെ
പൂമ്പാറ്റകൾ വരുന്നു.
പൂക്കാലം തന്നെ എനിക്കായ്
പൂക്കുന്നത് പോലെ തോന്നും
പൂക്കളുടെ ചിരിയാണ്
എന്നെ കൂടുതൽ സന്തോഷിക്കുന്നത്
പൂക്കളിൽ ഞാൻ കൂടുതൽ ആകർഷിക്കപ്പെടുന്നു
പൂക്കളുടെ സുഗന്ധം തന്നെ ആ
പ്രദേശത്തെ സുഗന്ധ പൂരിതമാക്കുന്നു.
പൂക്കൾ വിരിയുന്നത് തന്നെ
എനിക്കായി വിരിയുന്നത്
പോലെ എന്നെ തോന്നിപ്പിക്കുന്നു.

ശരണ്യ സി എൻ



# ഒട്ടകവും വ്യാപാരിയും

പണ്ടു പണ്ട് ഒരിടത്തു ഒരു വ്യാപാരി ജീവിച്ചിരുന്നു. ആ വ്യാപാരിക്ക് ഒരു ഒട്ടകം ഉണ്ടായിരുന്നു. അയാൾ ഈ ഒട്ടകത്തിന്റെ പുറത്തായിരുന്നു തന്റെ വ്യാപാര ആവശ്യത്തിനായുള്ള യാത്രകളെല്ലാം നടത്തിയിരുന്നത്. അങ്ങനെയിരിക്കെ ഒരു ദിവസം അദ്ദേഹം തന്റെ ഒട്ടകവുമായി മരുഭൂമിയിലൂടെ യാത്ര ചെയ്യുകയായിരുന്നു. പകൽ മുഴുവൻ യാത്ര ചെയ്തു ക്ഷീണ ആ വ്യാപാരി രാത്രി ആയപ്പോൾ വിശ്രമിക്കാൻ തീരുമാനിച്ചു. എന്നാൽ മരുഭൂമിയിൽ അന്ന് രാത്രിയിൽ പതിവിലും തണുപ്പുണ്ടായിരുന്നു. മരുഭൂമിയിൽ ഒരു സത്രം അന്വേഷിക്കുന്നതിന്റെ ബുദ്ധിമുട്ടു അറിയാവുന്ന അയാൾ കൈയിൽ കരുതിയ ഒരു ചെറിയ കൂടാരം എടുത്തു അവിടെ തന്നെ കെട്ടി. കഷ്ടിച്ച് ഒരാൾക്ക് മാത്രംകിടക്കാവുന്ന വലുപ്പമേ ആ കൂടാരത്തിനു ഉണ്ടായിരുന്നുള്ളൂ.

വ്യാപാരി തന്റെ ഒട്ടകത്തിനെ കൂടാരത്തിനു പുറത്തു കെട്ടിയിട്ടതിനു ശേഷം കൂടാരത്തിനുള്ളിൽ ഉറങ്ങാനായി കിടന്നു. കുറച്ചു സമയം കഴിഞ്ഞതും ആരോ വിളിക്കുന്നത് കേട്ട് ആ വ്യാപാരി ഉണർന്നു. അയാൾ പുറത്തിറങ്ങി ചുറ്റും നോക്കി. എന്നാൽ അവിടെയെങ്ങും അയാൾ ആരെയും കണ്ടില്ല. അപ്പോൾ ഒട്ടകം വ്യാപാരിയോട് പറഞ്ഞു



”യജമാനാ, ഞാനാണ് അങ്ങയെ വിളിച്ചത്.”

ഇതു കേട്ട വ്യാപാരിഒട്ടകത്തിനോട് കാര്യം എന്താണെന്ന് ചോദിച്ചു

“യജമാനാ, പുറത്ത് നല്ല തണുപ്പാണ്. എനിക്ക് ഉറങ്ങാൻകഴിയുന്നില്.
ഞാൻ എൻറെ തല ഈ കൂടാരത്തിനകത്ത് ഒന്നു വച്ചോട്ടെ?”

നല്ലവനായ ആ വ്യാപാരി ഒട്ടകത്തിനെ കൂടാരത്തിനകത്ത് തല
വയ്ക്കാൻ അനുവദിച്ചു. എന്നിട്ട് അയാൾ പിന്നെയും ഉറങ്ങാനായി കിടന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ വീണ്ടും അതേ ശബ്ദം കേട്ട് അയാൾ ഉണർന്നു. അപ്പോൾ ആ ഒട്ടകം വീണ്ടും ചോദിച്ചു
“യജമാനാ, പുറത്തെ തണുപ്പ് എനിക്ക് സഹിക്കാൻ പറ്റുന്നില്ല. ഞാൻ എന്റെ കാലുകൾ കൂടി ഈ കൂടാരത്തിനകത്ത് ഒന്നു വച്ചോട്ടെ?”

ആ പാവം വ്യാപാരി അതും സമ്മതിച്ചു. അങ്ങനെ ആ ഒട്ടകം തന്റെ തലയും കാലുകളും ആതന്റെ തലയും കാലുകളും ആ കൂടാരത്തിനകത്ത് വച്ചു. വ്യാപാരി ഉറങ്ങാനായും കിടന്നു. സമയം കടന്നു പോയി. ഒട്ടകത്തിന് തണുപ്പ് കാരണം അപ്പോഴും ഉറങ്ങാൻ കഴിയുന്നുണ്ടായിരുന്നില്ല. തണുപ്പ് അസഹനീയമായപ്പോൾ ഒട്ടകം കരുതി

”ഒരു കാര്യം ചെയ്യാം, ശരീരം കൂടി കൂടാരത്തിന്റെ അകത്തു കയറ്റാം നല്ലവനായ യജമാനൻ തീർച്ചയായും സമ്മതിക്കും. അദ്ദേഹത്തിനെ ഉറക്കത്തിൽ നിന്നും ഉണർത്തേണ്ട ആവശ്യം അങ്ങനെ ഒട്ടകം തന്റെ ശരീരവുംകൂടാരത്തിന്റെ അകത്തു കയറ്റാം നല്ലവനായ യജമാനൻ തീർച്ചയായും സമ്മതിക്കും. അദ്ദേഹത്തിനെ ഉറക്കത്തിൽ നിന്നും ഉണർത്തേണ്ട ആവശ്യം 2.”

അങ്ങനെ ഒട്ടകം തന്റെ ശരീരവും കൂടി കൂടാരത്തിനുള്ളിലേക്ക് കയറ്റി. കഷ്ടിച്ചു ഒരാൾക്ക് മാത്രം കിടക്കാവുന്ന ആ കൂടാരത്തിൽ ഒട്ടകവും കൂടി ആയപ്പോൾ വ്യാപാരിക്ക് കിടക്കാൻ ഇടംഇല്ലാതായി. അപ്പോൾ ഒട്ടകം വ്യാപാരിയോട് പറഞ്ഞു


“യജമാനാ, ഈ കൂടാരത്തിനകത്ത് നമുക്ക് രണ്ടു പേർക്കും കൂടി കിടക്കാൻ കഴിയില്ല. അതുകൊണ്ട് അങ്ങ് ദയവായി കൂടാരത്തിനു പുറത്തു കിടന്നു ഉറങ്ങൂ.”

ഇതു കേട്ട വ്യാപാരിക്കു തൻ്റെ ക്ഷമ മുഴുവൻ നശിച്ചു. അയാൾ ആ ഒട്ടകത്തിനെ ചവിട്ടി കൂടാരത്തി പുറത്താക്കി. എന്നിട്ട് കൂടാരം നന്നായി മൂടി സുഖമായി കിടന്നുറങ്ങി.

ഗുണപാഠം

നമ്മൾ ദയയുള്ളവരായിരിക്കുക എന്നതു പോലെ തന്നെ പ്രധാനമാണ് ദയ കാട്ടുന്നതിൽ അതിർവരമ്പ് നിശ്ചയിക്കുക എന്നതും. ഇല്ലെങ്കിൽ നമ്മൾ കാണിക്കുന്ന ദയ മറ്റുള്ളവർ ദുരുപയോഗം ചെയ്തേക്കാം.

അഗസ്റ്റിൻ ജെയിംസ്
9D



# കണ്ണുനീരിന്റെ വില

സ്വതേ മടിയനായിരുന്നു തമ്പുട്ടു. വേട്ടയാടുന്നതിനുവേണ്ടി കുന്തവുമായി കാട്ടിൽ പോകുമെങ്കിലും പലപ്പോഴും മരത്തണലിൽ ഇരുന്ന് ഉറങ്ങും. ഒരിക്കൽ അങ്ങനെ വെറുതെ കുത്തിയിരിക്കുമ്പോൾ അതാ തൊട്ടപ്പുറത്തായി പത്തുപന്ത്രണ്ടു മാനുകൾ തുള്ളിക്കളിച്ചു നിൽക്കുന്നു. മാനിറച്ചി വളരെ രുചികരമാണെങ്കിലും എഴുന്നേറ്റ് കുന്ത മെടുക്കുവാനുംമറ്റും അവനൊരുത്സാഹവും തോന്നിയില്ല.

പെട്ടെന്ന് മാൻകുട്ടത്തിനപ്പുറത്തെ കുറ്റിച്ചെടികളിൽ ഒരനക്കം. തമ്പുട്ടു സൂക്ഷിച്ചുനോക്കി. അമ്പോ ഒരു പുലി.....!!

അത് മാൻകൂട്ടത്തെ ലക്ഷ്യമിടുകയാണെന്ന് അവനു മനസ്സിലായി. നിമിഷങ്ങൾക്കുള്ളിൽ പുലിയുടെ നഖങ്ങൾക്കുള്ളിൽക്കിടന്ന് അതി ലൊരെണ്ണം പിടയുന്നതവൻ കണ്ടു താമസിയാതെ ആ മാനിനെ വലിച്ചിഴച്ചുകൊണ്ട് ചീറ്റ എങ്ങോട്ടോ പോകുകയായി.

എങ്ങോട്ടാവും ആ പോക്ക്?

തമ്പുട്ടുവിന് ജിജ്ഞാസയായി. അവൻ ചീറ്റപ്പുലിക്കു പിന്നാലെ പതുങ്ങിപതുങ്ങിച്ചെന്നു. ഏറെ ദൂരം പോകേണ്ടിവന്നില്ല. അതാ മനോഹരമായ മൂന്നു ചീറ്റക്കുഞ്ഞുങ്ങൾ. കുഞ്ഞുങ്ങൾക്കു തീറ്റ കൊടുക്കുകയാണ് ചീറ്റപ്പുലി.

എന്തു സുഖമാണ് ആ കുഞ്ഞുങ്ങൾക്ക്. ഒരു പണിയും ചെയ്യാതെ നല്ല ഒന്നാന്തരം ഇറച്ചി ഇങ്ങനെ കൊണ്ടുവന്നുതരാൻ തനിക്ക് ആരെ അകിലുമുണ്ടായിരുന്നെങ്കിൽ!. തമ്പുട്ടുവിന്റെ ചിന്ത കാടുകയറാൻ തുടങ്ങി.

ഹായ്, അതിലൊരെണ്ണത്തിനെ തട്ടിയെടുത്താൽ പോരെ. തനിക്കുവേണ്ടി വേട്ടയാടി ഇറച്ചി കൊണ്ടുവരാൻ അതിനെ നന്നായി പരിശീലിപ്പിച്ചാൽ കാര്യം കുശാലായി.

തമ്പുട്ടു തള്ളപ്പുലി പോകുന്നതുവരെ അവിടെ പതുങ്ങിയിരുന്നു. തള്ളപ്പുലി ഉടനെ തിരിച്ചുവരില്ലെന്ന് ഉറപ്പുവരുത്തിയതിനുശേഷം അവൻ കുഞ്ഞുങ്ങൾക്കരികിലെത്തി. ഏതിനെ എടുക്കണം, മൂന്നെണ്ണവും ഏതാണ്ട് ഒന്നുപോലിരിക്കുന്നു.

തള്ളപ്പുലി തിരിച്ചുവന്നപ്പോൾ തന്റെ കുഞ്ഞുങ്ങൾ ഒന്നിനെയും കാണുന്നില്ല. ദുഃഖം സഹിക്കാനാവാതെ അവൾ വലിയ ശബ്ദത്തിൽ നിലവിളിക്കാൻ തുടങ്ങി. അവളുടെ നിലവിളി മണിക്കൂറുകൾ നീണ്ടു. കവിളിലൂടെ കണ്ണുനീർ ഒഴുകിയൊഴുകി കണ്ണിനിരുവശവും താഴേക്ക് രണ്ടുകറുത്ത പാടുകൾ രൂപപ്പെട്ടു.

അവളുടെ കരച്ചിൽ അടുത്ത ദിവസവും തുടർന്നു. ഈ വലിയ നിലവിളിക്കു കാരണമെനത്തെന്നറിയാനായി ഗോത്രത്തലവൻ കാട്ടിലേക്കു ചെന്നു. മൃഗങ്ങളുടെ സ്വഭാവവും രീതിയും നന്നായറിയാവുന്ന തലവന് കാര്യം മനസ്സിലാക്കാൻ ബുദ്ധിമുട്ടുണ്ടായില്ല. ഗോത്രത്തലവൻ അന്വേഷണം ആരംഭിച്ചു. അതൊടുവിൽ തമ്പുട്ടുവിൽ ചെന്നെത്തി "നീ കാടിന്റെ നിയമങ്ങൾ തെറ്റിച്ചിരിക്കുന്നു. കുഞ്ഞുങ്ങളെ മോഷ്ടിക്കുക മാത്രമല്ല അധ്വാനിക്കാതെ ജീവിക്കാൻ വേണ്ടിയുള്ള സൂത്രം കൂടിയാണ് നീ നടത്തിയത്. ഒരുവൻ്റെ ശക്തിയും കഴിവും ഉപയോഗിച്ചാവണം ജീവിക്കേണ്ടതെന്നാണ് നിയമം.

കാട്ടുനിയമം തെറ്റിച്ചതിൻ്റെ പേരിൽ തമ്പുട്ടുവിനെ ഗോത്രത്തിൽ നിന്നു പുറത്താക്കി. ആ മൂന്നു കുഞ്ഞുങ്ങളെയും ആ ഗോത്രമുഖ്യൻ തിരികെ കാട്ടിലാക്കി. എങ്കിലും ചീറ്റപ്പുലിയുടെ കണ്ണുനീരിൻ്റെ പാട് ഒരിക്കലും മാഞ്ഞുപോയില്ല.

മറ്റുള്ളവരെ ദ്രോഹിച്ചുകൊണ്ട് നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്നത് നന്നല്ലെന്ന് ആ പാടുകൾ എപ്പോഴും മനുഷ്യരെ ഓർമലപ്പെടുത്തുന്നു വെന്ന് സുലു വർഗ്ഗക്കാർ വിശ്വസിക്കുന്നു.

നവനീത് പി ദിനേശ്



# എൻ്റെ *Aurdino* പരിശീലനം

ഞാൻ ആദ്യമായി Aurdino Kit പരിചയപ്പെട്ടത് Aurdino പരിശീലന ക്ലാസിലാണ്. റോബോട്ടിക്സിനെക്കുറിച്ചും അതിൻ്റെ പ്രോഗ്രാമിങ്ങിനെക്കുറിച്ചും ഞങ്ങൾക്ക് ലിറ്റിൽ കൈറ്റ്സിൻ്റെ അധ്യാപകർ വിശദമായി പറഞ്ഞു തന്നു. അവ ഉപയോഗിച്ച് ഞങ്ങൾ ക്ലാസിലെ ക്രൂട്ടുകാർക്ക് പലതരം റോബോട്ടിക് മോഡലുകൾ കാണിച്ചു കൊടുത്തു.ഇരുട്ട് വരുമ്പോൾ വെളിച്ചം തരുന്ന Automatic Streetlight, Dancing LED ,Traffic Light തുടങ്ങിയവയാണ് ഞങ്ങൾ ചെയ്തത്.അതിൽ പ്രകാശം വരുമ്പോൾ LED bulb അണഞ്ഞുപോകുന്നതും മറ്റും കുട്ടികൾ കൗതുകത്തോടെ നോക്കി കണ്ടു. വളരെ രസകരമായിരുന്നു ഞങ്ങൾക്കുള്ള Aurdino പരിശീലനം .-

Adithya Ranjith



Krishnajith

ഹായ് ക്രൂട്ടുകാരെ എന്നെ നിന്നെ നിങ്ങൾക് അറിയില്ലേ. ഞാൻ നിങ്ങളെ എന്നെ
പറ്റി പ്രത്യേകം പരിചയപ്പെടുത്തി തരണ്ട കാര്യം ഒന്നും ഇല്ലല്ലോ ഞാനാണ്
**മൊബൈൽ ഫോൺ**.

ഇന്ന് ഞാൻ നിങ്ങളുടെ കൂടെ ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഭക്ഷണം
കഴിക്കുമ്പോളും നിങ്ങൾ എന്നെ മാറ്റി നിർത്താറില്ല. ഞാൻ ഇല്ലാത്ത ഒരു ലോകത്തെ
സങ്കൽപ്പിക്കാൻ പറ്റുമോ. പറ്റില്ല എന്തുകൊണ്ടാണെന്നല്ലേ അത് പറ്റാത്തത്
അത്രയ്ക്ക് ഞാൻ നിങ്ങൾക്ക് ഒരു ഹരമായിപ്പോയി നിങ്ങളുടെ ഏതൊരു പ്രശ്നത്തിനും
പരിഹാരമായി കാണുവാനും സംസാരിക്കുവാനും സാധിക്കും വാർത്തകൾ
അറിയുവാനും അതിനുള്ള മറുപടി നൽകുകയും അങ്ങനെ എന്നെക്കൊണ്ട് ഒരുപാട്
ഉപകാരങ്ങളുണ്ടെങ്കിലും എനിക്കറിയാം അതുപോലെ ഒരു നാണയത്തിന് രണ്ട് മുഖ
ങ്ങളാണ് ഉള്ളത്'അതുപോലെ എനിക്കുമുണ്ട് മറ്റൊരു മുഖം അത് നിങ്ങൾ
കേട്ടിട്ടില്ലേ മറ്റുള്ളവരുടെ വിവരങ്ങൾ ശേഖ രിക്കുകയും അവരെ സമൂഹത്തിൽ
മോശമായി ചിത്രീകരിക്കുക അങ്ങനെയെങ്ങനെ അനന്ത സാധ്യതകൾ.ഉണ്ട്.
ഇതില് പറയുന്ന നല്ല കാര്യങ്ങൾ മാത്രം ഉൾക്കൊള്ളുക ബാക്കിയുള്ളത് തള്ളിക്കള
കളയുക നിങ്ങൾ മൊബൈൽഫോണിന് വേണ്ടി മൊബൈൽ ഫോണിന്റെ
അടിമയായി ജീവിക്കാതെ ചുറ്റുപാടുമുള്ള മനോഹരമായ കാഴ്ചകൾ കണ്ടു ജീവിക്കാൻ
ശ്രമിക്കുക





# □ □ □□□□□ □ □ □□ □ □□

Once upon a time, in a desert far away, there was a rose who was so proud of her beautiful looks. Her only complaint was growing next to an ugly cactus.

Every day, the beautiful rose would insult and mock the cactus on his looks, all while the cactus remained quiet. All the other plants nearby tried to make the rose see sense, but she was too swayed by her own looks.

One scorching summer, the desert became dry, and there was no water left for the plants. The rose quickly began to wilt. Her beautjiful petals dried up, losing their lush color.

Looking to the cactus, she saw a sparrow dip his beak into the cactus to drink some water. Though ashamed, the rose asked the cactus if she could have some water. The kind cactus readily agreed, helping them both through the tough summer, as friends.



The Moral Never judge anyone by the way they look.

- Arunima Biju



# QUOTATIONS



"Live as if you to die tomorrow.
Learn as if you were to live forever"
—Mahatma Gandhi



"Life is like riding a bicycle.
To keep your balance, you must keep moving".
—Albert Einstein

*"The man who does not read books has no advantage over the one who cannot read them."*
*—Mark Twain*



"Education is the passport to the future, for tomorrow belongs to those who prepare for it today." —Malcolm





"The beautiful thing about learning is that no one can take it away from you."
—B.B. King



."“Never let the fear of striking out stop you from playing the game" —Babe Ruth



Stock | #288827901

."The way to get started is to quit talking and begin doing."
–Walt Disney



HAFSATH P

# Love and Time

Once upon a time, there was an island where all the feelings lived: Happiness, Sadness, Knowledge, and all of the others, including Love. One day it was announced to the feelings that the island would sink, so all constructed boats and left. Except for Love. Love was the only one who stayed. Love wanted to hold out until the last possible moment. When the island had almost sunk, Love decided to ask for help.

Richness was passing by Love in a grand boat. Love said, "Richness, can you take me with you?" Richness answered, "No, I can't. There is a lot of gold and silver in my boat. There is no place here for you." Love decided to ask Vanity who was also passing by in a beautiful vessel. "Vanity, please help me!" "I can't help you, Love. You are all wet and might damage my boat," Vanity answered.

Sadness was close by so Love asked, "Sadness, let me go with you." "Oh... Love, I am so sad that I need to be by myself!"

Happiness passed by Love, too, but she was so happy

*Suddenly, there was a voice, "Come, Love, I will take you." It was an elder. So blessed and overjoyed, Love even forgot to ask the elder where they were going. When they arrived at dry land, the elder went her own way. Realizing how much was owed the elder, Love asked Knowledge, another elder, "Who helped me?" "It was Time," Knowledge answered. "Time?" asked Love. "But why did Time help me?"*

*Knowledge smiled with deep wisdom and answered, "Because only Tin capable of understanding how valuable Love is."*

*- Mereetta Mathew*



# A U R D I N O

## പ്രവർത്തനങ്ങളിലൂടെ.....




















# WHISPERS OF THE RAIN

In the gentle embrace of the rain's soft touch,
Echoes the melody of compassion so much.
From the petals it caresses, to childhood's play,
I find consolation in the family of droplets at bay.

A symphony of raindrops, a dance in the air,
Nature's lullaby, a tender affair.
In the quiet moments of a soothing shower,
Whispers of the rain hold timeless power.

Each drop, a storyteller from the skies,
Painting verses on the canvas where beauty lies.
In the memory of childhood's joyful refrain,
I find serenity in the whispers of the rain.

Jess Mariea Vayalunkal



# Little Kites Sub District Camp Participants

## Animation



Jess mariea



Joseph shaji



Nived Baiju



Jochristo

## Programming



Ann Maria Jose



Anamika B S



navaneeth



krishnajith

---

# Little Kites Selected For District Camp

## Animation



Jess mariea

## Programming



Ann Maria Jose

# Freedom Fest Winners

## Quiz

1. Jisbin Joseph
2. Adnan salih
3. Neha Theresa James

## Poster

1. Alen ET
2. Ann Maria Jose
3. Jess Mariea
3. Kevin Thommas

# കമ്പ്യൂട്ടർ






## ചോദ്യങ്ങൾ

1. കമ്പ്യൂട്ടറിന്റെ പിതാവ് എന്നറിയപ്പെടുന്നത്?
2. ആദ്യത്തെ കമ്പ്യൂട്ടർ പ്രോഗ്രാമർ?
3. ഒരു കമ്പ്യൂട്ടർ സ്വിച്ച്  ഓൺചെയ്ത് പ്രവർത്തന സജ്ജമാക്കുന്ന പ്രക്രിയ?
4. കമ്പ്യൂട്ടറിലേക്ക് ഡാറ്റാ നൽകുന്ന പ്രക്രിയയാണ്?
5. പ്രധാനപ്പെട്ട ഇൻപുട്ട് ഉപകരണങ്ങളാണ്?
6. പ്രോസസിങ്ങ് നടന്നതിനുശേഷം കമ്പ്യൂട്ടർ നൽകുന്ന ഫലത്തെ പറയുന്നത്?
7. പ്രധാന ഔട്ട്പുട്ട് ഉപകരണങ്ങൾ?

8.കമ്പ്യൂട്ടറിന്റെ പ്രവർത്തനത്തെ നിയന്ത്രിക്കുന്ന സോഫ്റ്റ് വെയറുകളാണ്?

9. ബൈനറി സംഖ്യകളായ 1,0 ഇവ അറിയപ്പെടുന്നത്?

10.8 ബിറ്റുകൾ ചേർന്നതാണ്?

## ഉത്തരങ്ങൾ

1. ചാൾസ് ബാബേജ്    2.അഡാകിങ്

3. ബൂട്ടിങ്ങ്    4.ഇൻപുട്ട്

5.കീബോർഡ്, മൗസ്, സ്കാനർ, ബാർകോഡ് സ്കാനർ

6. ഔട്ട്പുട്ട്     7. മോണിറ്റർ, പ്രിൻ്റർ

8. സിസ്റ്റം സോഫ്റ്റ് വെയർ

9. ബിറ്റ്     10. ഒരു ബൈറ്റ്



Aryanandha AR

# ആസ്വാദനക്കുറിപ്പ് - പ്രകാശിനി

പ്രകാശിനി, അന്തരാളത്തിൽ സൗഹൃദം കൂട്ടുന്ന മലയാള കവിത. വായനക്കാരുടെ ഹൃദയത്തിൽ സാധ്യമാകുന്ന അനുഭവങ്ങളുടെ വെളിച്ചത്തിൽ തന്നെ വർണിച്ചുകൊണ്ടുള്ള ആശയസമ്പൂർണ്ണതയാണ് ഇത്.

പ്രകാശിനി കവിതയിലെ ഭാഷ സരളമായതോടെ ഹൃദയത്തിൽ സംവാദിക്കുന്നു. പ്രകാശിനിയുടെ ചിത്രകലാ രൂപം വിവിധ അവയവങ്ങളുടെ ഒരു കൂട്ടർത്തിക്കുന്നു.

ഈ കവിതയിൽ പ്രകാശിനിയുടെ അനുഭവങ്ങൾ ഭാഷയിലൂടെ അവതരിപ്പിച്ചുകൊണ്ടുണ്ട്. ആശയങ്ങൾ അടങ്ങിയ പ്രകാശിനിയുടെ പരിഭാഷയിൽ പ്രവർത്തിക്കുന്ന കവിതയുടെ ഇത്ര അദ്വിതീയ ഭാഷയോടെ, അനുഭവങ്ങൾ വിവിധ ഭാഷാ സ്വാധീനം പരിശോധിക്കുന്നു.

പ്രകാശിനി കവിതയുടെ ആസ്വാദനം പൂർണ്ണമാകുന്ന രചനയാണ് ഇത്. അതിനെതിരെ, വിദ്യാനാഥൻ, ചങ്ങമ്പുഴയിൽ അനിയന്ത്രിത സ്വഭാവത്തോടെ കാണപ്പെടുന്ന അന്യത്രദ്രുത ഭാഷയാണ് പ്രകാശിനി കവിത.



ജോക്രിസ്റ്റോ
സജി

# അവധിക്കാല യാത്ര

യാത്രകൾ എനിക്ക് ഹരമാണ്.കൂടാതെ യാത്രകൾ എന്നും വിസ്മയങ്ങൾ നിറഞ്ഞ അനുഭവങ്ങൾ നമുക്ക് സമ്മാനിക്കുന്നു. ഇത്തവണത്തെ ഓണാവധിയ്ക്കാണ് ടിവിയിലും യുട്യൂബിലും മാത്രം കണ്ടിരുന്ന, മൈസൂരിലേക്കൊരു യാത്ര പോയത്. ഞാനും എന്റെ കുടുംബവും ബന്ധുക്കളും ഉൾപ്പെടെ ആറ് പേരടങ്ങുന്ന സംഘവുമായി ട്രെയിനിലായിരുന്നു ഞങ്ങൾ പോയത്. സെപ്റ്റംബർ 25 ന് വൈക്കുന്നേരം 4.00 മണിക്ക് മൈസൂർ ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. ഞാൻ ട്രെയിനിന്റെ ജനാലയ്ക്കരികെ തന്നെ സീറ്റ് പിടിച്ചു. എന്റെ പുതിയ വയലറ്റ് ഷർട്ടാണ് ഞാൻ ധരിച്ചിരുന്നത്. എട്ടു മണിയായപ്പോൾ ഞങ്ങൾ പോകുന്ന വഴിയരികിലെ ഒരു ഹോട്ടലിൽ പ്രാതൽ കഴിക്കാൻ കയറി. അതിനു ശേഷം യാത്ര വീണ്ടും ആരംഭിച്ചു. പട്ടണങ്ങൾ പിന്നിട്ട് ഞങ്ങൾ ആദ്യം എത്തിച്ചേർന്നത് മനോഹരമായ ആ വ്യൂ പോയിന്റിൽ ആയിരുന്നു...................



സങ്കീർത്ത്
കെ എസ്

# അമ്മ



അമ്മയെന്ന രണ്ടക്ഷരമെന്നുമേ
പാരിലെങ്ങും വിളങ്ങി നിൽക്കും
മണ്ണിനും വിണ്ണിനും പുണ്യമേകിടുന്നോ -
രമ്മതൻ അമൃത് നുകർന്നൊരു
പൈതൽ ഞാൻ.

കാലൻ പരുന്തും കഴുകനും റാഞ്ചാതേ
കാവലായി നിൽക്കുന്ന
പുണ്യമാണെന്നമ്മ
ഒരു വേളപോലും സ്വയം ശപിച്ചിടാതെ
മഴവിൽ തീർത്ത മനസ്വനിയാണമ്മ

ഭൂമിയോളം ക്ഷമിക്കാനും
അലയാഴിപോലെ തഴുകാനും
വാനോളം നിറഞ്ഞൊഴുകുന്ന
സ്നേഹമയിയാണമ്മ.



ശ്രീനന്ദ.
പി.എം

# ഞാൻ കണ്ട ഊട്ടി..........



ഇത്തവണത്തെ ക്രിസ്തുമസ് അവധിക്കാണ് ഞാനും എന്റെ
കുടുംബവും   ബന്ധുക്കളും ഉൾപ്പെടെ 9 പേരടങ്ങുന്ന
സംഘവുമായി ഒരു ഇന്നോവ കാറിൽ ആയിരുന്നു ഞങ്ങളുടെ
ഊട്ടിയിലേക്ക് യാത്ര ടിവിയിലും യൂട്യൂബിലും മാത്രം കണ്ടിരുന്ന ഊട്ടി
ഡിസംബർ 27 പുലർച്ച അഞ്ചുമണിക്ക് ഊട്ടി ലക്ഷ്യമാക്കി യാത്ര
പുറപ്പെട്ടത് ഞാൻ കാറിന്റെ  വിൻഡോ സീറ്റിൽ ആയിരുന്നു
ഇരുന്നത്. എന്റെ പുതിയ നീല ഷർട്ട് ആണ് ഞാൻ ധരിച്ചത്
എല്ലാവരും സെറ്ററും മറ്റു കമ്പിളി കുപ്പായങ്ങളും കയ്യിൽ
കരുതിയിരുന്നു എട്ടു മണിയായപ്പോൾ വഴിയരിയിലെ അരികിലെ
ഒരു ഹോട്ടലിൽ പ്രാതൽ കഴിക്കാൻ കയറി. അതിനുശേഷംയാത്ര
വീണ്ടും ആരംഭിച്ചു. ഗുഡല്ലൂർ പിന്നിട്ട ഞങ്ങൾ ആദ്യം
എത്തിച്ചേർന്നത് മനോഹരമായഒരു വ്യൂ
പോയിന്റിലാണ്.റോഡിൽ നിന്നും മലയുടെ ചെരുവിലൂടെ
സാഹസികമായി കുറച്ചു നടന്നു അതിമനോഹരമായ
കാഴ്ചയായിരുന്നു പ്രകൃതി ഒരുക്കി വെച്ചിരുന്നത്. നാലു
ഭാഗത്തുംമനോഹരമായ കാഴ്ചകൾഞങ്ങളെ
പേടിപ്പിക്കുന്നഅഗാധമായ കൊക്ക ഞങ്ങളെ നോക്കി ചിരിക്കുന്ന
വലിയ കൊടുമുടികൾ ഇതെല്ലാമാണ് കണ്ടത് വീണ്ടും യാത്ര
തുടർന്നു കാർ മുന്നോട്ട് നീങ്ങുമ്പോൾ തണുപ്പ് കൂടിക്കൂടി
വരുന്നതായി എനിക്ക് അനുഭവപ്പെട്ടു ഞങ്ങൾ എത്തി ചേർന്നത്
ഷൂട്ടിംഗ് കുന്നിൽ ആയിരുന്നു സിനിമകൾ കാണുന്ന അതേ കാഴ്ച
ഫോട്ടോകൾ എടുക്കുകയും ചെയ്തു പിന്നെ ഞങ്ങൾ ഉച്ചഭക്ഷണത്തിനു
പോയി അതിനിടയിൽ ഞാനൊന്ന് ഉറങ്ങിപ്പോയി ഊട്ടി
തടാകത്തിൽ എത്തിയപ്പോൾ അമ്മേ എന്നെ വിളിച്ചു
എഴുന്നേൽപ്പിച്ചു. മിനി തീവണ്ടിയിൽതടാകക്കരയിലെ യാത്ര
ആസ്വദിച്ചു.പിന്നെ പോയത് കമ്പനിയിലേക്കാണ് കുന്നിൻ
മുകളിലേക്കുള്ള കമ്പനിയിലേക്ക് യാത്ര അല്പം സാഹസമായിരുന്നു.
അവിടെനിന്ന് ഞങ്ങൾക്ക് രുചികരമായ ചായ കിട്ടി അവിടെ
നിന്ന് പുറത്തിറങ്ങി ധാരാളം പൂക്കളും
ചെടികളും മരങ്ങളും സുന്ദരമായ കാഴ്ചകളായിരുന്നു
തണുപ്പിന്റെ കാഠിന്യം കൊണ്ട് ഞങ്ങൾ വേഗം
യാത്ര തിരിച്ചു വെളുപ്പിന് ആറുമണിക്ക് ഞങ്ങൾ
വീട്ടിൽ തിരിച്ചെത്തി.
ഊട്ടിയിൽ നിന്നെടുത്ത ഫോട്ടോയും
നോക്കി അമ്മ തന്ന ചൂട് ചായയും കുടിച്ച്
ഞാൻ ഉറങ്ങിപ്പോയി.

- എബിൻ ഫ്രാൻസിസ്

# അനുഭവക്കുറിപ്പ്

*2022 June 1*- ന് ആണ് 8ാം ക്ലാസിലേക്ക് പ്രവേശനം നേടി *St. Sebastians HSS* ലേക്ക് ഞങ്ങൾ എത്തുന്നത്. *Little Kites* നെ കുറിച്ച് ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥികളിൽ നിന്നും ഞങ്ങൾ കേട്ടിരുന്നു. അതിനാൽ തന്നെ വളരെ ആകാംക്ഷയോടും പ്രതീക്ഷയോടും കൂടിയാണ് ഞങ്ങൾ *Little Kites* -ൽ അംഗങ്ങളായത്. ആഴ്ചതോറുമുള്ള ക്ലാസുകൾ വർക്ക്ഷോപ്പുകൾ പ്രാക്ടിക്കലുകൾ ഇവയെല്ലാം വളരെ വിജ്ഞാനപ്രദവും അതിലേറെ കൗതുകകരവുമായിരുന്നു. ഞങ്ങളുടെ വിദ്യാലയത്തിലെ *IT field* ൻ്റെ നെടുംതൂണുകളായ *Lisa Teacher* -ൽ നിന്നും *Neenu Teacher* - ൽ നിന്നും ഒത്തിരിയേറെ അറിവുകൾ ഞങ്ങൾക്കും പകർന്നു കിട്ടി. Information Techonlogy എന്ന വലിയ സാഗരത്തിന്റെ ഓളപ്പരപ്പിൽ ഞങ്ങളും പതുക്കെ പതുക്കെ തുഴയാൻ പഠിച്ചു. *Video editing, Media and Documentation, Graphic Designing, Programming, Robotics* തുടങ്ങിയ മേഖലകളിൽ കൂടി അവരുടെ കൈപിടിച്ച് ഞങ്ങൾ പിച്ചവെച്ചു നടന്നു.

ഈ വർഷത്തെ ഞങ്ങളുടെ വിദ്യാലയത്തിലെ ക്രിസ്മസ് ആഘോഷ പരിപാടിയുടെ *Media & Documentation* ചെയ്യാനുള്ള ഉത്തരവാദിത്വം ഞങ്ങൾക്കാണ് ലഭിച്ചത്. പ്രിയപ്പെട്ട അധ്യാപകരിൽ നിന്നും പകർന്നു കിട്ടിയ അറിവുകളും ഞങ്ങളുടെ ഭാവനകളും ഒന്ന് ചേർന്നപ്പോൾ മനോഹരമായ ഒരു *Documentary* ഉടലെടുത്തു.ആദ്യമായി ഞങ്ങൾ ഓരോ ചിത്രങ്ങളും ക്രമമായി *upload* ചെയ്തു.അനുയോജ്യമായ *effects, BGM* എന്നിവ നൽകി. അനാവശ്യ ശബ്ദങ്ങൾ ഒഴിവാക്കി, ശേഷം അതിനെ *export* ചെയ്ത് അതിനെ അതിൻ്റെ പൂർണ്ണരൂപത്തിൽ എത്തിച്ചു. അവസാനമായി ഞങ്ങളെ പഠിപ്പിച്ച പ്രിയപ്പെട്ട അധ്യാപകർക്ക് ഇത് *Present* ചെയ്തപ്പോൾ ഞങ്ങൾക്കുണ്ടായ അനുഭവം ഒന്നു വേറേ തന്നെയായിരുന്നു.........



- Jess Mariea


നന്ദി...